**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 917** **31-01-2024 - ൽ മറുപടിയ്ക്ക്**

**വിവിധ ദേവസ്വങ്ങൾക്ക് അനുവദിച്ച സർക്കാർ ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡിന്റെ പ്രധാന ക്ഷേത്രങ്ങളിൽ എത്തുന്ന തീർത്ഥാടകർക്ക് സുഗമമായ ദർശനത്തിനും വാഹന പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിലും കൂടൽമാണിക്യം, ഗുരുവായൂർ ക്ഷേത്രങ്ങളിലും എത്തുന്ന ഭക്തജനങ്ങളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് വിശാലമായ പാർക്കിംഗ് സൗകര്യവും ഭക്തജനങ്ങൾക്ക് സുഗമമായ ദർശനം നടത്തുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ക്ഷേത്രത്തിന്റെ വരുമാനം ആതുര സേവന മേഖലയിലേയ്ക്ക് കൂടി വിനിയോഗിച്ച് പൊതു സമൂഹത്തിന് ഉപയോഗപ്രദമാകുന്ന വിധത്തിൽ എന്തെല്ലാം പദ്ധതികളാണ് വിവിധ ദേവസ്വം ബോർഡുകളിൽ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | മലബാർ ദേവസ്വം ബോർഡിന്റെ കീഴിലെ ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിന് കീഴിൽ സൗജന്യ ഡയാലിസിസ് സെന്റർ ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്. ക്ഷേത്രത്തിന്റെ വരുമാനം പൊതുസമൂഹത്തിന് ഉപയോഗപ്രദമാകണം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഇവിടെ പ്രതിദിനം നിരവധി ആളുകൾക്ക് സൗജന്യ ഡയാലിസിസ് അടക്കം, സൗജന്യ ചികിത്സ നൽകി വരുന്നു.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ ഡയാലിസിസ് യൂണിറ്റ് ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള Suo Motu case -ൽ അന്തിമ തീരുമാനം ആയിട്ടില്ല.<br><br>ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ പ്രാഥമിക സൗകര്യങ്ങളോട് കൂടിയ ഒരു മെഡിക്കൽ സെന്ററും ആയുർവേദ ആശുപത്രിയും പ്രവർത്തിച്ചു വരുന്നു. ഗുരുവായൂർ ദേവസ്വത്തിന് സെറ്റിൽമെന്റ് ആധാര പ്രകാരം ലഭ്യമായ കെട്ടിടത്തിൽ വയോജനങ്ങളെ താമസിപ്പിച്ച് പരിപാലിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ആവശ്യമായ എല്ലാ ചെലവുകളും ഗുരുവായൂർ ദേവസ്വം നിർവ്വഹിച്ച് വരുന്നുണ്ട്. കൂടാതെ നവജീവനം ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനത്തിനായി ഗുരുവായൂർ ദേവസ്വത്തിൽ നിന്നും പ്രതിമാസം ഏകദേശം ഒരു ലക്ഷം രൂപയുടെ മരുന്നും രണ്ട് നഴ്സിംഗ് സ്റ്റാഫിന്റെ സേവനവും നൽകി വരുന്നുണ്ട്.<br><br>കൂടൽമാണിക്യം ക്ഷേത്ര വരുമാനം ആധുരസേവന മേഖലയ്ക്ക് വിനിയോഗിക്കുന്നില്ലെങ്കിലും പൊതുജന പങ്കാളിത്തത്തോടെ കൂടൽമാണിക്യം ദേവസ്വത്തോടനുബന്ധിച്ച് സംഗമേശ്വര ആയുർവേദ ഗ്രാമം എന്ന ആയുർവേദ ചികിത്സാലയം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ഔഷധ സസ്യ ബോർഡുമായി സഹകരിച്ച് പഞ്ചകർമ്മ സൗകര്യങ്ങൾ, ഔഷധ സസ്യ സംരക്ഷണ പദ്ധതി, അശോകവനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ASAP കേരളയുമായി സഹകരിച്ച് അടുത്ത അദ്ധ്യായ വർഷം മുതൽ 1 വർഷത്തെ പഞ്ചകർമ്മ ട്രെയിനിങ് പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വയോജന സംരക്ഷണം ലക്ഷ്യമാക്കി ആയുർവേദ ചികിത്സാകേന്ദ്രത്തിനോടനുബന്ധിച്ച് ജെറിയാട്രിക് കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ ദേവസ്വങ്ങൾക്ക് അനുവദിച്ച ഗ്രാന്റുകൾ സംബന്ധിച്ച് വിശദമാക്കാമോ? | (സി) | പ്രളയം/കോവിഡാനന്തരം വിവിധ ദേവസ്വങ്ങൾക്ക് ഇതേവരെ 537.78 കോടിയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ